MR. K. KRISHNAN NAYAR:
397. To reduce the allotment of Rs. 72,500 for Industrial Education by Re. 1.

Motion 398.

The following motion was deemed to have been not moved as the member was absent:—

MR. S. KRISHNA PILLAI:
To reduce the allotment of Rs. 4,749 for Technological Institute by Rs. 480.

Motions 399 and 400.

The following motions were not moved;

MR. K. KRISHNAN NAYAR:
399. To reduce the allotment of Rs. 15,630 for Industrial Development by Re. 1.

MR. K. KRISHNAN NAYAR:
400. To reduce the allotment of Rs. 4,474 for Industrial Engineer and Chief Boiler Inspector by Re. 1.

Motions 401 and 402.

The following motions were deemed to have been not moved as the member was absent:—

MR. S. KRISHNA PILLAI:
401. To reduce the total allotment of Rs. 1,09,541 under Demand XV by Re. 1.

MR. S. KRISHNA PILLAI:
402. To reduce the total allotment of Rs. 1,09,541 under Demand XV by Re. 1.

Motion 403.

The following motion was not moved:—

MR. K. KRISHNAN NAYAR:
To reduce the total allotment of Rs. 1,09,541 under Demand XV by Re. 1.

PRESIDENT: I now put to the vote of the House Demand XV—Industries—Rs. 1,09,541.

The grant was made.

DEMAND XVI—MEDICAL DEPARTMENT INCLUDING GRANTS TO ALLOPATHIC MEDICAL INSTITUTIONS AND SCHOLARSHIPS FOR THE STUDY OF EUROPEAN MEDICINES.

DR. K. RAMAN TAMPI (*Inspecting Medical Officer*): Sir, I beg to move for a grant not exceeding Rs. 7,16,813 under Demand XVI—Medical Department including grants to Allopathic Medical Institutions and Scholarships for the study of European Medicines.

Motions 404 and 405.

The following motions were not moved:—

MR. K. P. KOCHUKORA TARAKAN:
404. To reduce the allotment of Rs. 8,754 for establishment by Re. 1.

MR. K. P. KOCHUKORA TARAKAN:
405. To reduce the allotment of Rs. 3,180 for travelling allowance by Re. 1.

Motion 406.

The following motion was deemed to have been not moved as the member was absent:

MR. S. KRISHNA PILLAI:
To reduce the allotment of Rs. 13,428 for Superintendence by Re. 1.

LIBRARY ARCHIVES Kerala Legislative Assembly

Motion 407.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) I beg to make the following motion:

To reduce the allotment of Rs. 13,428 for Superintendence by Re. 1.

My object in making this motion is to draw the attention of the House and the Government to a resolution passed by this House with regard to the encouragement of the Homoeopathic system of medicine. The resolution was passed in this House, I think, in 1103 and I had asked the Government what steps they have taken for encouraging this branch of treatment. Government said that the resolution was under consideration and it would receive their due attention. But I do not know whether anything has been done in that direction. It is just to ascertain that that I make this motion.

DR. K. RAMAN TAMPI (*Inspecting Medical Officer*): Sir, I would inform the member that the Medical Board do not feel that they are competent to say anything definite about the homoeopathic system of treatment. As far as I know there is no regular hospital in the State nor do the Medical Board know whether the training given to the so-called homoeopathic physicians is adequate. Under the circumstances we could not definitely commit ourselves by recommending grants to a system about which we did not know sufficiently well.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Does the member mean that he does not know anything about the efficacy of the Homoeopathic system of treatment?

DR. K. RAMAN TAMPI (*Inspecting Medical Officer*): I have heard that it may be of use in the case of children's disease. I do not know much about it.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Even after the passing of the resolution by the House, has not the Medical Board gone into the question of the efficacy of Homoeopathic system of treatment and the need for encouraging the same?

DR. K. RAMAN TAMPI (*Inspecting Medical Officer*): So far as the Medical Board is concerned, they do not know much about it and therefore they felt that they were not competent to speak on a question about which they had no knowledge.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): That is why I ask the member whether the Board did not try to study the Homoeopathic system of treatment after the passing of the resolution?

DR. K. RAMAN TAMPI (*Inspecting Medical Officer*): So far as studying the system is concerned, I may tell the House, Sir, from what I know about certain Homoeopaths in the State, we did not think the system as one that could be safely recommended to the Government.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): May I know why the Medical Board thought that it was not a system which could be safely recommended?

DR. K. RAMAN TAMPI (*Inspecting Medical Officer*): We had reports of cases where some of the Homoeopaths used medicines to the detriment of the patients.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Have there not been cases in the Allopathic treatment where such results have ensued?

DR. K. RAMAN TAMPI (*Inspecting Medical Officer*) : But the difficulty in regard to the Homoeopathic system of treatment is that it has not received much recognition in the Medical world yet.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Are there not institutions in Calcutta and other places where the system is taught?

DR. K. RAMAN TAMPI (*Inspecting Medical Officer*) : There may be institution for different kinds of treatment such as the Unani system and others.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : But the Medical Board did not feel competent to pass judgments about Homoeopathy?

DR. K. RAMAN TAMPI (*Inspecting Medical Officer*): The Medical Board did not feel competent to pass an opinion about the efficacy of the Homoeopatic system of treatment because there was no expert Homoeopath in the Medical Board.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Have the Medical Board told the Government that because there is no expert in the Medical Board, the Government should consult some other agency for ascertaining the efficacy of the system?

DR. K. RAMAN TAMPI (*Inspecting Medical Officer*) : Government themselves will consider the matter. They are expected to consider the matter. We need not make a proposal to them.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Has anything resulted after consideration by the Government?

DR K. RAMAN TAMPI (*Inspecting Medical Officer*): After the consideration of the Government, something will be done.

MR. A. S. DAMODARAN ASAN (*Mavalikara* cum *Kartikapalli*) : Has this question been considered by Government?

DR. K. RAMAN TAMPI (*Inspecting Medical Officer*) : It is under the consideration of the Government. That is all that I know. Government have not passed any definite orders as to what should be done with regard to Homoeopathy.

MR. A S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): It has not advanced to any extent?

DR. K. RAMAN TAMPI (*Inspecting Medical Officer*): This is not a question that can be decided all at once. It will take some time. It has not advanced to any extent, so far.

MR. A. TAHNU PILLAI (*Trivandrum*) : Are the Government aware that there are some successful Homoeopathic medical practitioners in he State?

DR. K. RAMAN TAMPI (*Inspecting Medical Officer*) : There may be a few Homoeopathic practitioners, but I do not think there will be many.

LIBRARY ARCHIVES Kerala Legislative Assembly

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): Regarding the recognition that these Homoeopaths should receive in the medical world, is the member aware that there is one M. D. in Vazhuthakad by name Velu Pillai who has got the degree from an anonymous Calcutta University?

DR. K. RAMAN TAMPI (*Inspecting Medical Officer*): I do not know.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): Is the member aware of the existence of such a distinguished individual?

DR. K. RAMAN TAMPI (*Inspecting Medical Officer*): No.

MR. A. THANU PILLAI (*Trivandrum*): Sir, whatever may be the view of the Medical Board in regard to Homoeopathy, it is a matter of common knowledge that Homoeopaths do treat patients and treat them successfully, almost to the same extent as Allopathic Doctors and Ayurveda Physicians do.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): Is the member aware that there is a section of public, probably a minority, who believe in *mantrams* administered by vagabonds?

MR. A. THANU PILLAI (*Trivandrum*): There may be people, Sir, who believe in *mantra*s. But whether they are administered by vagabonds or not, I do not know. Whatever that may be, Sir, we are not concerned with that now. I know for a fact that some Homoeopaths treat their patients very successfully. Of course, I myself often receive treatment at the hands of Homoeopathic physicians and have found their treatment very successful and by no means objectionable. I am not in a position to compare the respective merits of Homoeopathy, Allopathy and Ayurveda. But I can say that Homoeopathy also deserves recognition at the hands of Government because Homoeopathic Doctors are doing very useful work and some of the Homoeopathic Doctors here do their business much more skilfully and successfully and make much better income than many an Allopathic Doctor. I do not mean to say that the Allopathic Doctors are inferior to the Homoeopathic Doctors as a general rule. All I wish to urge on the attention of the House and of the Government is that there are some Homoeopathic physicians who get on well.

DR. K. RAMAN TAMPI (*Inspecting Medical Officer*): May I remind the member that the making of income is not the standard of judging the capacity of the doctor? A doctor with a very good income may not be able to cure an ordinary case of cold, for instance.

MR. A. THANU PILLAI (*Trivandrum*): I can at least say that I have known very serious cases of typhoid fever and other diseases being successfully treated by Homoeopaths.

MR. S. CHATTANATHA KARAYALAR (*Pattanapuram* cum *Shencotta*): Is the member aware that there is another system of treatment known as the Chintamani system?

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*) : I have heard of the system but I have not known about the efficacy of that system of treatment.

DR. K. RAMAN TAMPI (*Inspecting Medical Officer*) : With regard to typhoid, which the member said was being skilfully treated by Homoeopathic doctors, I may give a bit of my personal experience. I have known of several cases of typhoid which almost go beyond our skill because in the initial stages the patient has been treated by a Homoeopath.

MR. A. THANU PILLAI (*Trivandrum*) : As for that matter there have also been many cases which get out of control of the Homoeopaths simply because in the initial stages the Allopathic doctors have treated the patient.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : Let me ask whether in his opinion Government should take the views of laymen like ourselves in preference to their constituted medical advisors ?

MR. A. THANU PILLAI (*Trivandrum*) : What I was saying was that Homoeopaths do successful work here. As a layman I make that statement. I do not dispute the claims of medical men to pronounce a decision upon questions relating to medicine. Far is it from my intention to say that my views shold be put on a par with those of Dr. Raman Tampi on medical matters. The Medical Board is not competent to pronounce an opinion upon the merits and demerits of the Homoeopthic system because they themselves admit that they know very little of Homoeopathy and that they can only say that in some cases patients who were treated in the initial stages of the disease by Homoeopathic Doctors could not be successfully treated by Allopathic Doctors. What I wish to submit in this connection is that there may also be instances of unsuccessful treatment by Allopathic Doctors in the initial stages and the disease getting beyond the control of Homoeopathic Doctors. But the fact cannot be disputed that Homoeopaths also do some kind of good work. I cannot venture an opinion as to whether all the Homoeopaths treat their patients successfully and how far they should be encouraged. I only say that there are some very skilful and useful Homoeopathic Doctors here. If the Government really think of disposing of this question satisfactorily, I think it is not the Medical Board composed entirely of Allopaths that should be consulted. If this Medical Board composed entirely of Allopathic Doctors were consulted on the question of the propriety of encouraging the Ayurvedic system also, I am afraid they would give the same opinion. They would say that the Ayurvedic stystem cannot be encouraged because many cases of typhoid fever or other serious diseases proved unsucessful and went beyond the control of the Allopathic Doctors merely because of the bad handling in the initial stages by Ayurvedic physicians. Therefore, Sir, if the Government really want to dispose of the matter an expert Homoeopathic body should be consulted.

LIBRARY ARCHIVES Kerala Legislative Assembly

MR. K. GEORGE (*Chief Secretary to Government*): May I know from the member what exactly he meant by recognition by the Government?

MR. A. THANU PILLAI (*Trivandrum*): Recognition by Government for purpose of aid or for the purpose of opening a department in the same way as the Ayurveda Department and the Medical Department. Government may think of opening a Homoeopathic Department or they may think of giving aid to Homoeopaths.

MR. K. GEORGE (*Chief Secretary to Government*): Would it be possible for the Government to grant aid without having an agency at the same time to control and supervise the work of the Homoeopathic Doctors?

MR. A. THANU PILLAI (*Trivandrum*): If the Government really do want to grant aid, they can very well create an agency. Where is the difficulty in creating an agency? A competent Homoeopath should be got down from outside, if one is not available in the State. As a system I do not think Homoeopathy can be condemned. As a layman I too have heard of Homoeopathy both here and elsewhere. Some people may say that it is a condemned system. I do not know how far that statment is correct. So far as Allopathic doctors are concerned, it may be a correct statment of their view but whether that is the view of the medical world, I doubt very much.

DR. K. RAMAN TAMPI (*Inspecting Medical Officer*): There are other systems of treatment also. If the Government start giving aid to this system, there will be other systems and advocates of those systems pleading for those systems. Ayurveda system has been recognised. The Chintamani system will also come in. Unani system will also come in.

MR. A. THANU PILLAI (*Trivandrum*): But we have not got many Unani Dootors here and the trouble from them is not likely to arise.

Again, Sir, there is this fact that this Council once accepted a resolution to the effect that Homoeopathy should be encouraged.

MR. R. NILAKANTA PILLAI (*Financial Secretary to Government*): Is it necessary to give a grant to the Kuhni system?

MR. A. THANU PILLAI (*Trivandrum*): Sir, I do not know much of the Kuhni system. If it is a useful system, it might be encouraged. Anything that is useful to humanity might be encouraged.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): I put forward a very humble claim that I love my life. And from that point of view my chief objection in regard to the grant of recognition to the Homoeopathic Doctors is that we are very much struck with the fact that these people get their degrees very easily. That threatens us; that appals us. I know the instance of a young man who was occupying the not very commendable post of motor driver who left the State and after some months returned and told me that he was a doctor.

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. V. Krishna Pillai.]

As for the extensive practice that is said to be enjoyed by some o the Homoeopaths mentioned by Mr. Thanu Pillai, we also see eminent scholars in medicines having very little practice whereas even quacks with very little knowledge of the subject get extensive practice. To my mind, Sir, knowledge of medicine and practice are entirely different and one cannot be judged by the other. My submission is that for the sake of sympathy for one branch of people we should not decide all on a sudden upon a question of such a very vital importance. Therefore I do not see my way to agree with Mr. Damodaran Asan in this particular subject.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മെഡിക്കൽ ഡിപ്പാർട്ടുമെൻറുഭരണത്തെപ്പററി വിമർശിക്കുന്നതിനുദ്ദിഷ്ടമായ ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. മെഡിക്കൽ ബോർഡ് ഇല്ലാതെയാക്കണമെന്നാണ് എനിക്കിതിനെപ്പററി പ്രധാനമായി പറയുവാനുള്ളതു്. ഡിപ്പാർട്ടുമെൻറു ഭരണം പ്രാപ്തനും നിഷ്പക്ഷപാതിയുമായ ഒരാളുടെ കീഴിൽ തന്നെയിരിക്കണം. ഇപ്പോഴത്തെ ഭരണം ഗുണകരമല്ല. ഇപ്പോഴും ആക്ഷേപമാക്ഷം ഉത്തരവാദിത്വമില്ലാതെയാണിരിക്കുന്നതു്. ഏതനീതിയും ആരോടു ചോദിച്ചാലും ബോർഡു ചെയ്തതാണെന്നു സമാധാനം പറയാം. ഇതിലെ അംഗങ്ങൾ മൂന്നുപേരുംകൂടി ചെയ്യുന്നതല്ലേ ബോർഡ് ചെയ്യുന്നതു് എന്നുപറയുന്നതു്? അല്ലാതെ ബോർഡ് ഒരു പ്രത്യേക സത്വമല്ലല്ലോ. ഇങ്ങനെ ഈ ബോർഡിലെ അംഗങ്ങൾ മൂന്നുപേരും ബോർഡിൻെറ മേൽ കുററാരോപണംചെയ്തു സ്വയരക്ഷനേടുന്നു. അതിനാൽ ആ സമ്പ്രദായമേ വേണ്ട. ഈ ബോർഡു നിറുത്തിയാൽമാത്രമെ ഡിപ്പാർട്ടുമെൻറു ഭരണം ശരിയായി നടക്കു.

രോഗികളുടെ രക്ഷയ്ക്കായി സ്ഥാപിച്ചിട്ടുള്ളആസ്പത്രികൾ പലതും ദരിദ്രർക്കു ഉപദ്രവകരവും ഡാക്ടർമാർക്കു ധനസമ്പാദനത്തിനുള്ള ഒരു മാർഗ്ഗവുമായിട്ടാണു തീർന്നിരിക്കുന്നതു്. പണം കൊടുക്കുന്നവർക്കു മാത്രമേ നല്ല മരുന്നു കൊടുക്കയുള്ളൂ. മറു ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാർ പണം വാങ്ങിക്കുന്നതിൽ ഒരു രഹസ്യവും ഒതുക്കവുമെല്ലാമുണ്ടു്. എന്നാൽ ഡാക്ടർമാർക്കു എത്ര വേണമെങ്കിലും വാങ്ങിക്കാം. അതിനു് ഒരതിരില്ല. ചികിത്സയുടെ പ്രതിഫലമാണല്ലൊ. മലയോരങ്ങളിലും മറും ഈ ക്ഷാമകാലത്തു വീടുകൾതോറും രോഗികൾ ഉള്ളതുകൊണ്ടു ഓരോ കുടുംബക്കാരും കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അവർക്കു ഈ വകുപ്പിൽനിന്നും വേണ്ടവിധം സഹായം ലഭിക്കുന്നില്ല. പലർക്കും പണംകൊടുക്കാൻ ശേഷിയില്ല. പണം കൊടുത്തില്ലെങ്കിൽ നല്ല മരുന്നു കൊടുക്കാതെ കള്ളുരുള്ള വെള്ളം മാത്രമെ കൊടുക്കയുള്ളൂ. അതുകൊണ്ടു പ്രയോജനമില്ലല്ലൊ. മരുന്നുകൾ ആസ്പത്രികളിൽ സമയത്തിനായയ്ക്കുന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ട്മെൻറ മേലദ്ധ്യക്ഷനായി ഒരാളെ ഉടനെവരുത്തണം. അദ്ദേഹം സക്ക്യൂട്ടുചെയ്യ ന്യായമായും ദയവായും പെരുമാറുന്ന ഡാക്ടർമാക്ക കയറാം കൊടുക്കയും അപ്രാത്തവരെ ഡിപ്പാർട്ടുമെൻറിൽനിന്ന ബഹിഷ്ക്കരിച്ചും മറും ഈ വകുപ്പിനെ ശരിപ്പെടുത്തണം.

MR. K. P. MADHAVAN PILLAI (*Chirayinkil*) : ഇപ്പോൾ ഈ കാര്യങ്ങളെപ്പററി ശരിയായി അനേഷിക്കുന്നില്ലേ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അനേഷിക്കുന്നതിന ആളുണ്ട്, എങ്കിലും അനേഷണം ശരിയല്ല.

MR. K. P. MADHAVAN PILLAI (*Chirayinkil*) : ഇപ്പോൾ പരിശോധന നടത്തുന്ന ആളിനെ കുറിച്ചാണോ മെമ്പർ പറയുന്നത്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഞാൻ നടപ്പിലിരിക്കുന്ന കാര്യം പറയുകയാണ്. ഒരാളിനെപ്പററിപ്രത്യേകം പറയുന്നില്ല. ഭരണംകൊണ്ടുള്ള ദോഷമാണ ഞാൻ പറയുന്നത്. ഇപ്പോൾ ഒരാൾ ഇൻസ്പെക്ടിംങ്ങ് മെഡിക്കലാഫീസറായി ഉണ്ട്. അദ്ദേഹത്തിന് പുറത്തു സഞ്ചരിക്കയും ഇടയ്ക്കിടയ്ക്ക ബോർഡുമീററിംഗിന ഹാജരാകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇതെല്ലാംകൂടി ഒരാളിനെക്കൊണ്ട് ശരിയായി സാധിക്കാൻ എളുപ്പവുമല്ല. ഈ പ്രതിനിധിസഭതന്നെ ഈ ബോർഡ് നിറുത്തണം എന്ന ഉപക്ഷേപം പാസാക്കിയിട്ടുണ്ട്. ബോർഡുഭരണം ഗവണ്മെൻറിന ആദായകരമല്ല, ജനങ്ങൾക്ക് ഹിതകരവും അല്ല. പിന്നെ ഇതു വച്ചുകൊണ്ടിരിക്കുന്നത് എന്തിനാണെന്ന ഞാൻ ചോദിച്ചുകൊള്ളുന്നു. പബ്ലിക്കിനുവേണ്ടിയാണോ? പബ്ലിക്കിന് ഇതാവശ്യമില്ല. പിന്നെ ഗവണ്മെൻറിനുവേണ്ടിയാണോ ഇതു വച്ചുകൊണ്ടിരിക്കുന്നത്? ഗവണ്മെൻറിന് ഈ വകുപ്പിൽനിന്ന് ആദായമില്ലല്ലൊ.

ഉദ്യോഗനിയമനസമ്പ്രദായവും ആക്ടും ആക്ടും ഉത്തരവാദിത്വമില്ലാത്തവണ്ണം വർഗ്ഗീയമായിട്ടാണ് കാണുന്നത്.

DR. K. RAMAN TAMPI (*Inspecting Medical Officer*) : ഉദ്യോഗനിയമനം ബോർഡാണ് നടത്തുന്നത് എന്നറിയാമോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഒന്നാമതു ആ ബോഡ്ഡു തകക്കണം എന്നാണ ഞാൻ പറയുന്നത്. റവന്യൂ, സെൻസസ്, ഈ വകുപ്പുകളിലെപോലെ അതിഭയങ്കരമായ വർഗ്ഗീയതയില്ലെങ്കിലും എക്സൈസ്, കൊവാപ്പറേറീവ്, എഡ്യൂക്കേഷൻ, സാനിട്ടറി ഇവകളിലെപോലെ ഭയങ്കരമായ വർഗ്ഗീയപക്ഷപാതം ഈ വകുപ്പിലെ നിയമനങ്ങളിലും കാണുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJUKRISHNA PILLAI (*Quilon*): ഈ ഡിപ്പാർട്ടുമെൻറിൽ നടന്നിട്ടുള്ള നിയമനങ്ങളുടേയും കണക്ക് കൈവശം ഉണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഉണ്ട്. ഞാനത് ഇവിടെ ഉദ്ധരിക്കാം.

DR. K. RAMAN TAMPI (*Inspecting Medical Officer*): ആ കണക്ക് ഇവിടെ ഉദ്ധരിക്കുമ്പോൾ ഓരോ സമുദായത്തിൽനിന്നും പരീക്ഷായോഗ്യതയുള്ള എത്ര അപേക്ഷകന്മാർ ഉണ്ടായിരുന്നു എന്നുകൂടി പറയണം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതു മെംബർപറയണം. പരീക്ഷായോഗ്യതയുള്ള അപേക്ഷകന്മാർ ധാരാളം ഉണ്ടായിരിക്കും എന്നാണ് എൻറെ വിശ്വാസം. എല്ലാ വർഗ്ഗങ്ങളിലും യോഗ്യതയുള്ളവർധാരാളം ഇപ്പോഴുണ്ട്.

മെഡിക്കൽ വകുപ്പിൽ ൨൫൦രൂപായ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ (ഈ ബോഡ് സ്ഥാപിച്ചതുമുതൽ ഈ ആണ്ടു കന്നിമാസം ൨൦-ാംനു-വരെ) ആകെ വ്യവപേരെ നിയമിച്ചിട്ടുണ്ട്. (നിയമസഭാ നടപടി വാല്യം ൧൭ പുസ്തകം ൨) ഇതിൽ ഈഴവർ ൪; പരദേശ ബ്രാഹ്മണർ ൧൫; മലയാളബ്രാഹ്മണർ ഇല്ല. നായന്മാർ ൨൩. (ഏകദേശം നായന്മാരോളംതന്നെ ജനസംഖ്യ ഉള്ളവരാണ് ഈഴവർ. അവർക്ക് അഞ്ചേ ഉള്ളൂ) ലാററിൻ ക്രിസ്ത്യൻ ൨ . ശേഷം മറുവർഗ്ഗക്കാർ ഇങ്ങനെയാണ് കാണുന്നത്. സെൻസസ്സനുസരിച്ച് ജനസംഖ്യയുള്ള ഒരു കമ്മ്യൂനിററിയാണ് ലാററിൻ ക്രിസ്ത്യൻ കമ്മ്യൂനിററി. ഇങ്ങനെ ക്രൂടുതൽ ജനസംഖ്യയുള്ളതായ ഒരു ജനവിഭാഗത്തിൻെറ അവകാശത്തെ നിയമസഭാ നാമിനേഷനിൽ പതിവിനുവിരുദ്ധമായി ഗവൺമെൻറുതന്നെ വിസ്മരിച്ചുസ്ഥിതിക്ക് ഉദ്യോഗനിയമനവിഷയത്തിൽ ഡിപ്പാർട്ടുമെൻറു മേധാവികൾ വിസ്മരിക്കുന്നതിൽ അത്ഭുതപ്പെടാനുണ്ടോ?

MR. K. KUNJUKRISHNA PILLAI (*Quilon*): ഓരോ ജാതിയിൽനിന്നും എത്ര ആളുകൾ വീതം ഉദ്യോഗത്തിനു അപേക്ഷകന്മാരായിട്ടുണ്ട്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതിൻെറ കണക്കിതിൽ പറഞ്ഞിട്ടില്ല. ഈഴവരിൽനിന്നും അപേക്ഷകന്മാരായി അഞ്ചുപേരിൽ ക്രൂടുതൽ നിശ്ചയമായും കാണും.

DR. K. RAMAN TAMPI (*Inspecting Medical Officer*): നേഴ്സ്സായിട്ട പരിശീലനം കഴിച്ചവരെ വേണം നിയമിക്കാൻ. അങ്ങനെ എല്ലാ കമ്മ്യൂനിററിയിലും യോഗ്യതയുള്ളവർ ഇല്ലാതിരുന്നാൽ എന്തു ചെയ്യണം?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): നഴ്സ്സുമാരുടെ നിയമനമല്ലവായിച്ചതു്. യോഗ്യതയുള്ളവർ ഇല്ലെന്നുമെന്നുക്ക് എങ്ങനെഅറിയാം. എല്ലാവർഗ്ഗത്തിലും യോഗ്യതയുള്ളവർഉണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*): ബോർഡിൽ നിന്നാണ് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ബോർഡിനറിയാം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ബോഡ്ഡു ചെയ്തിട്ടുള്ളതുതെറ്റാണ്. ൨൫ രൂപായ്ക്കുമേൽ പലതരം ഉദ്യോഗങ്ങൾ ഉണ്ട്. അവയിലേക്കുള്ള നിയമനത്തിനു യോഗ്യതയുള്ളവരില്ലായിരുന്നു എന്നുള്ള സമാധാനം ഇക്കാലത്തു പറയാവതല്ല.

MR. K. KUNJUKRISHNA PILLAI (*Quilon*) : ഈ ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതു സ്പഷ്ടമാണ്. ഒരു ക്രസ്ത്യൻ ലേഡിയും, ഒരു നായരും, ഒരു യൂറോപ്യനും ഇതിൽ ഉണ്ട്. ഞാൻ ഈ ബോർഡിനെത്തന്നെയാണ് ഇതിലേക്കു പ്രധാനമായി കുറ്റപ്പെടുത്തുന്നതു് എങ്കിലും ഇതിലെ അംഗങ്ങളിൽ ക്രസ്ത്യൻലേഡിയുംനായരുമാണു ഗവണ്മെന്റു ശമ്പളംവാങ്ങുന്നതു്.

MR. K. KUNJUKRISHNA PILLAI (*Quilon*): ബോർഡിലെ ഭൂരിപക്ഷ അഭിപ്രായപ്രകാരമല്ലേ നിയമനം നടത്തുന്നതു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ആയിരിക്കാം. ഭൂരിപക്ഷം ഉണ്ടാക്കുന്ന സമ്പ്രദായം കൌൺസിലിലെ കമ്മിറ്റി എലക്ഷൻകൊണ്ടും മറ്റുംനമുക്കുബോദ്ധ്യപ്പെട്ടിട്ടുള്ളതാണല്ലൊ.

MR. N. K. KRISHNA PILLAI (*Neyyattinkara*): ബോർഡിലെ നിയമനം എല്ലാം പക്ഷപാതകരമായിരുന്നു എന്നാണോ പറയുന്നതു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അധികവും അങ്ങനെതന്നെയാണു നടന്നിട്ടുള്ളതു് എന്നു കണക്കു കൊണ്ടു കാണാം. ഇതുമാതിരിയുള്ള ഉദ്യോഗനിയമനസമ്പ്രദായത്തെ ഇവിടെ നിന്നു ബഹിഷ്ക്കരിച്ചു് ഈ രാജ്യത്തിനു നല്ല പേരും സമാധാനവും ഉണ്ടാക്കുകയാണു് ഉടനെ വേണ്ടതു്.

MR. K. GOPALAKRISHNA PILLAI (*Parur*): ഉത്തരവാദിത്വഭരണം സ്ഥാപിച്ചാൽ ഇതിനെല്ലാം ഒരു നിവർത്തി ഉണ്ടാകയില്ലേ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ശരിയായവിധമായാൽ നിവർത്തിയുണ്ടാകും. എന്നാൽ ഉത്തരണംപോലെ ഒരു എക്സിക്യൂട്ടീവ് കൌൺസിൽ സ്ഥാപിച്ചാൽ ശരിയാകും എന്നു തോന്നുന്നില്ല. ജനങ്ങൾക്കെല്ലാം ഓട്ടവകാശം നൽകി അവരാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി സഭയിൽനിന്നും തെരഞ്ഞെടുക്കുന്നഅംഗങ്ങൾ അടങ്ങിയ ഒരു മിനിസ്റ്ററിഭരണം ഏർപ്പെടുത്തിയാൽ ഇതിനൊക്കെ ഒരു നിവർത്തിയുണ്ടാകും. അതിനു മുമ്പു തന്നെ ഈ അനീതി നിത്തണം. അതു ഉത്തരവാദഭരണസ്ഥാപനത്തിനു സഹായമാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. GOPALAKRISHNA PILLAI (*Parur*) അതിലേക്കു മെമ്പർ ശ്രമിച്ചിട്ടുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഉണ്ടു്. പ്രജാസഭ വഴിയും നിയമ സഭ വഴിയും ശ്രമിച്ചിട്ടുണ്ടു്.

MR. K. GOPALAKRISHNA PILLAI (*Parur*): അതുകൊണ്ടു് ഫലം ഉണ്ടായോ?

MR. TARIATU KUNJITOMMAN (*Commerce and Industry North*): അതു സ്പഷ്ടമാണു്. പ്രത്യേകം പറയേണ്ട.

MR. P. S. MAHOMED (*Nominated*): മിനിസ്റ്ററി ഭരണത്തിനു ആളുകളെ തെരഞ്ഞെടുക്കേണ്ടതു എങ്ങനെയാണു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): എല്ലാപ്രജകൾക്കും ഓട്ടവകാശം നൽകുകയോ അല്ലെങ്കിൽ എല്ലാവർക്കുത്തിനും ശരിയായ പ്രാതിനിധ്യം കിട്ടത്തക്ക മറു വ്യവസ്ഥകൾ ചെയ്യുകയോ ചെയ്തു് സംഘടിപ്പിക്കുന്ന ഒരു പ്രതിനിധിസഭയിൽ നിന്നും മിനിസ്റ്റേഴ്സായി ആളുകളെ തെരഞ്ഞെടുക്കേണ്ടതാണു്.

പബ്ലിക്സർവീസിൽ അസമത്വം കാണുന്നതു പോലെ ഈ പ്രതിനിധിസഭയിലും അസമത്വമുണ്ടു്.എന്നാലും ഇതിലേക്കു് ഉത്തരവാദി ഗവണ്മെൻറാണു്. വർഗ്ഗീയപക്ഷപാതത്തെ രാജ്യത്തെ സ്നേഹിക്കുന്ന എല്ലാവരും എതിർക്കേണ്ടതാണു്. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ "ഞാനും എന്റെ സമുദായവും" എന്നുള്ള വിചാരം ഇരിക്കുമ്പോൾ ജനങ്ങൾക്കു ശ്രേയസ്സുണ്ടാകുന്നതല്ല. ഉദ്യോഗസ്ഥന്മാരുടെ നിയമനപ്പട്ടികതന്നെ നോക്കുക. അതിൽ വർഗ്ഗീയ പക്ഷപാതംപരക്കെകാണാം. അതിനെ ആദരിക്കുന്നതിനു കുറേ ആളുകൾ പ്രതിനിധിസഭയിലും കാണും. പിന്നെവിഷമമില്ലല്ലൊ. എല്ലാ സമുദായക്കാർക്കും ശരിയായ പ്രാതിനിധ്യം ലഭിക്കത്തക്കവണ്ണമുള്ള ഒരു പ്രതിനിധിസഭ ഇവിടെ ഉണ്ടായിരുന്നെങ്കിൽഇതിനെപ്പറ്റി എത്ര, എത്ര ഖണ്ഡിതമായ വിമർശനങ്ങൾ നടക്കുമായിരുന്നു. അപ്പോഴത്തെ നില ഇതായിരിക്കയില്ല.

ഇനി എനിക്കുപറയുവാനുള്ളതു് ശസ്ത്രക്രിയ ചെയ്യുന്നതിനു ഇവിടെ വിദഗ്ധന്മാരില്ലാത്തതിനെപ്പറ്റിയാണു്. ഇപ്പോൾ വലിയ ആപ്പറേഷനും മറ്റുമൊക്കെ നടത്തുന്നതിനു നെയ്യൂരിലെ ഡാക്ടർ സോമർവെലിനെയോ അല്ലെങ്കിൽ മദ്രാസ്സിലെ ഡാക്ടർമാരേയോ അന്വേഷിച്ചുപോകേണ്ടിയിരിക്കുന്നു. ഇതു നമ്മുടെ രാജ്യത്തിനു ഒരിക്കലും അഭിമാനകരമല്ല. അതിനാൽ ശസ്ത്രക്രിയയിൽ വിദഗ്ധനായ ഒരാളിനെത്തന്നെ ഈ ഡിപ്പാർട്ടുമെൻറധ്യക്ഷനായി നിയമിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJUKRISHNA PILLAI (*Quilon*): അത് മലയാളഭാഷ അറിയാവുന്ന ഒരാളായിരിക്കണ്ടേ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മലയാളഭാഷ അറിയാവുന്ന ആളായിരുന്നാൽ കൊള്ളാം. എന്നാൽ ശസ്ത്രക്രിയയ്ക്കും മറ്റും രോഗികളുമായി മാത്രം ഇടപെട്ടാൽമതി. സാമാന്യ ജനങ്ങളുമായി അധികം ഇടപെടേണ്ട ആവശ്യം മറ്റുഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്മാരെപ്പോലെ ഇല്ലാത്തതിനാൽ മലയാളഭാഷ അറിഞ്ഞുകൂടാത്ത ഒരാളായിരുന്നാലും വലിയ തരക്കേടില്ല. യോഗ്യനായാൽമതി.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ശസ്ത്രക്രിയക്കു വിദഗ്ധനായ ഒരാളെ ജനറലാശുപത്രിയിൽ നിയമിച്ചാലും പോരേ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മേലധ്യക്ഷനായിതന്നെ വയ്ക്കണം. വിദഗ്ദനായ ഒരാളിനെ ഡിപ്പാർട്ടുമെന്റുമേലധ്യക്ഷനായി വയ്ക്കുമ്പോൾ കീഴ് സിൽബന്ധികൾ അവരുടെ ജോലിചെയ്യുന്നതിൽ പ്രത്യേകം ശ്രദ്ധിക്കും. ഇങ്ങനെ ആയിരുന്ന മുൻപു്. അതിനാൽ എനിയ്ക്കു പറയുവാനുള്ളതു് ഇപ്പോഴത്തെ ഭരണം നിറുത്തി ഉന്നത പരിക്ഷാവിജയിയും ജനങ്ങളോടു സമഭാവനയോടുകൂടി പെരുമാറത്തക്ക വിശാലഹൃദയവുമുള്ള ഒരാളിന്റെ കീഴിൽ ഈ ഡിപ്പാർട്ടുമെന്റു വയ്ക്കണമെന്നും, ഡാക്ടർമാർ അന്യായമായ പ്രതിഫലം ഇച്ഛിച്ചു് ജനങ്ങളെ കഷ്ടപ്പെടുത്തി വരുന്നതിനു ഒരു പരിഹാരം ഉണ്ടാക്കണമെന്നും, ഉദ്യോഗനിയമനവിഷയത്തിൽ എല്ലാവർക്കാരോടും സമഭാവനയോടുകൂടി വർത്തിയ്ക്കാൻ ഗവണ്മെന്റു വേണ്ട നിഷ്കർഷചെയ്യണം എന്നും ആണു്. ഈ അവസരത്തിൽ ഇതുയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. P. S. MAHOMED (*Nominated*): മിസ്റ്റർ ആശാന്റെ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. ഞാൻ ഇതിനെ അനുകൂലിക്കുന്നതു് മെഡിക്കൽ ബോർഡ് നിറുത്തണം എന്നുപറയുന്നതിനു വേണ്ടിമാത്രമാണു്. ഇന്നു കായ്ക്ഷമത അശേഷം ഇല്ലെന്നു പറയത്തക്കനിലയിൽ തിരുവിതാംകൂറിൽ ഒരു ഡിപ്പാർട്ടുമെന്റുണ്ടെങ്കിൽ അതു മെഡിക്കൽ ഡിപ്പാർട്ടുമെന്റാണെന്നു പറയാതിരിക്കാൻ നിവർത്തിയില്ല. (മി. തരിയത്തുകുഞ്ഞിത്തൊമ്മൻ ഹിയർ, ഹിയർ.) അതിനുള്ളകാരണം എന്റെ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞപ്രകാരം ഈ ഡിപ്പാർട്ടുമെന്റുഭരണത്തിന്റെ ഉത്തരവാദിത്വം ഒരാളിൽതന്നെ സ്ഥിതിചെയ്യുന്നതാണ്. ഈ ഡിപ്പാർട്ടുമെന്റിലെ നിയമനവിഷയത്തെ സംബന്ധിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

മി: കുഞ്ഞിത്തൊമ്മൻ പറഞ്ഞപ്പോൾ അതു് ഒരാളല്ലല്ലോ ചെയ്തതു മുന്നപേരും ചേർന്നല്ലേ ചെയ്തതു എന്നൊരു ചോദ്യം ഉദ്യോഗസ്ഥഭാഗത്തു നിന്നും വരികയുണ്ടായി. എന്നാൽ ഉദ്യോഗനിയമനവിഷത്തിലുള്ള ഉത്തരവാദിത്വം ഒരാളിൽ സ്ഥിതിചെയ്യുന്നില്ല എന്നുള്ള കാരണംകൊണ്ടും, ഒന്നിൽക്കൂടുതൽ ആളുകൾ ഉള്ളതുകൊണ്ടു് ഗവണ്മെൻറു അവരോടു കുറെ ബഹുമാനം കാണിയ്ക്കുമെന്നുള്ള വിചാരം ഉള്ളതുകൊണ്ടും, ഏതെങ്കിലും പരാതിവരുന്നപക്ഷം ഒരാൾക്കു് മറെറാരാളെ കുറപ്പെടുത്താമെന്നുള്ളതുകൊണ്ടും ആണു് ഈ മാതിരിയുള്ള അനീതികർമ്മം നടക്കാൻ ഇടയായതു്.

ആശുപത്രി പരിശോധനയെപ്പററി പറയുകയാണെങ്കിൽ പരിശോധിക്കാൻ പോകുന്ന ഉദ്യോഗസ്ഥൻ സ്ഥലത്തുള്ള ഉദ്യോഗസ്ഥനെ ഭയന്നല്ലേ പരിശോധന നടത്തുന്നതു എന്നു് തോന്നിപ്പോകാറുണ്ടു്.

DR. K. RAMAN TAMPI (*Inspecting Medical Officer*): പലസ്ഥലത്തും പരിശോധനനടത്തി കുറ്റക്കാരെ കണ്ടുപിടിച്ചു് ശിക്ഷിച്ചിട്ടുണ്ടെന്നതു മെമ്പർക്കറിയാമോ?

MR. P. S. MAHOMED (*Nominated*): കുറ്റം കണ്ടുപിടിച്ചു് തുപ്പുകാരനേയൊ വല്ല കമ്പൌണ്ടറന്മാരേയൊ ശിക്ഷിച്ചിട്ടുണ്ടായിരിക്കാം.

DR. K. RAMAN TAMPI (*Inspecting Medical Officer*) ഡാക്ടറന്മാരേയും ശിക്ഷിച്ചിട്ടുണ്ടെന്നറിയാമോ?

MR. P. S. MAHOMED (*Nominated*). സമാധാനം പറയുന്നതിനു ശക്തിയില്ലാത്തവരും മറു് സഹായം ഇല്ലാത്തവരുമായ ഡാക്ടന്മാരെ ശിക്ഷിച്ചിരിക്കാം.

DR. K. RAMAN TAMPI (*Inspecting Medical Officer*) ഇതൊക്കെയുള്ള ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടുണ്ടെന്നറിയാമോ?

MR. P. S. MAHOMED (*Nominated*): വലിയ ഉദ്യോഗസ്ഥന്മാരുടെ അനീതിയെപ്പററി പരാതി പറഞ്ഞിട്ടും ശിക്ഷിച്ചിട്ടില്ലെന്നു് എനിക്കറിയാം.

DR. K. RAMAN TAMPI (*Inspecting Medical Officer*) അന്വേഷണം നടത്തിയിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): അതിനെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽഅതിന്മേൽ യാതൊന്നും ചെയ്യാൻ ധൈര്യം ഉണ്ടായിട്ടില്ല എന്നെനിയ്ക്കറിയാം. പരിശോധനയ്ക്കു ചെല്ലുന്ന ഉദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

നോട്ട പരിശോധിക്കേണ്ട ഉദ്യോഗസ്ഥൻ, തന്നെപ്പറ്റി വല്ല പരാതികളും ഉണ്ടെങ്കിൽ അതു് ചുവരു കട്ടയിൽ തള്ളിക്കളയണമെന്നു് തോന്നത്തക്ക രീതിയിൽ സമാധാനങ്ങൾ പറഞ്ഞിട്ടുണ്ടു്. ഈ ഉദ്യോഗസ്ഥൻ അയാളെ ഉപദ്രവിയ്ക്കുയാണെങ്കിൽ ബോർഡിലെ മറ്റംഗങ്ങളോടു പറഞ്ഞു കാര്യങ്ങൾ നടത്തിക്കൊള്ളാം എന്നാണു് ഉദ്യോഗസ്ഥന്മാർ വിചാരിക്കുന്നതു്. താൻ ശിക്ഷിച്ചാലും ബോർഡിലെ മറ്റംഗങ്ങളോടു പറഞ്ഞു ഈ ഉദ്യോഗസ്ഥന്മാർ വിജയം നേടിക്കൊള്ളും എന്നുള്ളതുകൊണ്ടു് ഇപ്പോഴത്തെ ഇൻസ്പെക്ടിംഗ് ആഫീസർ അദ്ദേഹത്തിന്റെ മുഴുവൻ ശക്തിയും ചെലുത്തുന്നതിനു ആഗ്രഹിക്കുന്നില്ല.

ഇരുപതിനായിരം രൂപായുടെ മേൽ ഈ ബോർഡിനു വേണ്ടി ഇപ്പോൾ ചിലവാക്കുന്നുണ്ടു്. ഈ സംഖ്യയിൽ വളരെ കുറഞ്ഞ സംഖ്യ ചിലവാക്കിയാൽ യോഗ്യനായ ഒരു ഡാക്ടരെ ഈ ഡിപ്പാർട്ടുമെന്റു ഭരിച്ചുകൊണ്ടു പോകുവാൻ തുണിയുള്ള ഒരാളിനെ വെളിയിൽനിന്നും വരുത്താൻ സാധിക്കും. എന്നാൽ ഇവിടെയുള്ളവക്കു അതിലേയ്ക്കുള്ള തുണിയില്ലേ? വെളിയിൽ നിന്നുതന്നെ ആളുവരുത്തണോ, ഇവിടെയുള്ളവരെക്കാൾ കൂടുതൽ യോഗ്യതയുള്ളവരെ എവിടെ നിന്നാണു് കൊണ്ടുവരേണ്ടതു്, എന്നൊക്കെയുള്ള ചോദ്യങ്ങൾക്കവകാശമുണ്ടു്. ഇവിടെയുള്ളവർ ഒന്നിച്ചു ഭരിച്ചുകൊണ്ടിരിക്കുന്ന കാലത്തു തന്നെ ഭരണം തൃപ്തികരമല്ല. ഇനിൽ ഒരാൾ തനിച്ചായിരുന്നാൽ തൃപ്തികരമാകുമോ എന്നുള്ള സംഗതി അവരുതന്നെ പറയേണ്ടതാണു്.

ഇവിടെ ഒരു നല്ല ഡാക്ടർ ഇല്ല എന്നുള്ളതിനുപല ദൃഷ്ടാന്തങ്ങളുമുണ്ടു്. പൊളിറിക്കൽ ഏജൻറിനുതന്നെ ഒരു ചികിത്സ നടത്തേണ്ടതായി വന്നപ്പോൾ വെളിയിൽ ഉള്ള ഒരു ഡാക്ടരെ അഭയം പ്രാപിക്കേണ്ടതായി വന്നു.

MR. K. P. MADHAVAN PILLAI (*Chirayinkil*): പൊളിറിക്കൽ ഏജൻറിനു അങ്ങനെ അഭയം പ്രാപിക്കേണ്ടിവന്നതു് സർവീസിൽ ഒരു യൂറോപ്യൻ ഡാക്ടർ ഇല്ലാതിരുന്നതുകൊണ്ടല്ലേ?

MR. P. S. MAHOMED (*Nominated*) ചികിത്സ ജീവനെ സംബന്ധിച്ചുള്ള ഒരു സംഗതി ആയതുകൊണ്ടു ജാതിവ്യത്യാസം നോക്കി അതിലേയ്ക്കു പോകും എന്നു തോന്നുന്നില്ല. ഏതായാലും അദ്ദേഹം ഒരു യൂറോപ്യൻ ആയതുകൊണ്ടു് ഒരു യൂറോപ്യനെ തന്നെ അന്വേഷിച്ചുപോയി എന്നു വിശ്വസിക്കാം. നമ്മുടെ ഗവണ്മെൻറിൽനിന്നും എത്രയോ പണം ചിലവു് ചെയ്തു നിയമിച്ചിട്ടുള്ള ഡാക്ടർമാർ ഉണ്ടായിരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ന്നിട്ടും ഇവിടത്തെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻപോലും വെളിയിലുള്ള ഡാക്ടരെ ആശ്രയിക്കേണ്ടിവന്നു. സ്വന്തം ഭരണത്തിൻകീഴിൽ ഇരിയ്ക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് മെഡിയ്ക്കൽ വകുപ്പ് എന്നു വിചാരിച്ചു അതിലുള്ള ഡാക്ടർമാരെക്കൊണ്ടു ചികിത്സ നടത്തി ജീവനെ രക്ഷിയ്ക്കാൻ ആരും തയ്യാറാകയില്ല. അതിനാൽ ഇവിടെത്തന്നെ ഒരു നല്ല ഡാക്ടർ ഉണ്ടായിരിക്കേണ്ടതാണ്.

ഇനി ഒന്നെനിയ്ക്കു പറയുവാനുള്ളതു് മെഡിയ്ക്കൽ ഡിപ്പാർട്ടുമെൻറിൽ സാധുക്കളായ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിൽ അനുവർത്തിച്ചു വരുന്ന നയം സ്വല്പം ഒന്നു ഭേദപ്പെടുത്തണം എന്നുള്ളതിനെപ്പറ്റിയാണ്. അവരോടു സമാധാനം പോലും ചോദിയ്ക്കാതെയാണ് ശിക്ഷിക്കുന്നതു്.

DR. K. RAMAN TAMPI (*Inspecting Medical Officer*) : സമാധാനം ചോദിയ്ക്കാതെ ശിക്ഷിക്കുന്ന ഏർപ്പാടില്ല.

MR. P. S. MAHOMED (*Nominated*). സമാധാനം യാതൊന്നും ചോദിയ്ക്കാതെ സമ്മറിയായ നിലയിൽ ശിക്ഷിക്കുന്നു എന്നാണ് എൻറെ അറിവ്. എന്നാലുകിലും ഞാൻ ഇപ്പോൾ മെമ്പർ പറയുന്നതിനെ വിശ്വസിക്കാം. ഈ സംഗതിയിൽ കുറച്ചുകൂടി ദൃഷ്ടിപതിപ്പിയ്ക്കേണ്ടതാണ്.

ഏതായാലും സംഗതികൾ ഇങ്ങനെ ഇരിയ്ക്കുന്നതുകൊണ്ടു എത്രയും വേഗത്തിൽ ഈ ബോർഡുഭരണം നിറുത്തി ഡിപ്പാർട്ടുമെൻറു ഉത്തരവാദിത്വമുള്ള യോഗ്യനായ ഒരു ഉദ്യോഗസ്ഥൻറെ കീഴിൽ ആക്കേണ്ടതാണ്.

MR. A. THANU PILLAI (*Trivandrum*) : ഈ ഡിപ്പാർട്ടുമെൻറിൽ ഫലപ്രാപ്തിക്കായി സമുദായം നോക്കാതെ ശേഷിമാത്രം നോക്കി ഒരുദ്യോഗസ്ഥനെ നിയമിച്ചാൽ മതിയോ?

MR. P. S. MAHOMED (*Nominated*) : മെഡിക്കൽ ഡിപ്പാർട്ടുമെൻറു സംബന്ധിച്ചിടത്തോളം സമുദായത്തിൻറെ അവകാശത്തെപ്പറ്റി ഞാൻ ഇവിടെ പ്രസ്താവിച്ചിട്ടില്ല. എന്നു മാത്രമല്ല സമുദായത്തെ മാത്രംനോക്കി യോഗ്യതയില്ലെങ്കിലും ഉദ്യോഗം കൊടുക്കണമെന്നും ഞാൻപറഞ്ഞിട്ടില്ല. ഏതു ഡിപ്പാർട്ടുമെൻറിലായാലും ഉദ്യോഗം കൊടുക്കുന്ന വിഷയത്തിൽ സമുദായത്തിൻറെ അവകാശം നോക്കുന്നതോടുകൂടി അതിലേയ്ക്കു തക്ക യോഗ്യത ഉണ്ടോ എന്നുകൂടി നോക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : യോഗ്യത നോക്കാതെ സമുദായം മാത്രം നോക്കി ഉദ്യോഗം കൊടുത്തതുകൊണ്ട്, മിസ്റ്റർ തമ്പുരാൻ പറഞ്ഞതുപോലെ, മാവേലിക്കരയിൽ നിയമിച്ച ആളിനെ തിരിയെ അയക്കേണ്ടതായിവന്ന എന്ന മെമ്പർക്കറിയാമോ?

MR. P. S. MAHOMED (*Nominated*): അങ്ങനെ വന്നിട്ടുണ്ടെങ്കിൽ നിയമനം നടത്തിയ ആളോ അല്ലെങ്കിൽ മിസ്റ്റർ തമ്പുരാൻ തന്നെയോ പറയേണ്ടതാണ്. അതിനെപ്പറ്റി എനിയ്ക്കു അറിഞ്ഞുകൂടാത്തതുകൊണ്ടു ഞാനൊന്നും പറയുന്നില്ല.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഓരോ സമുദായത്തിൽ നിന്നും യോഗ്യന്മാരായ ആളുകളെ നിയമിക്കണം. എന്നാൽ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനെ നിയമിക്കുന്ന കാര്യത്തിൽ സമുദായം ഒന്നും നോക്കേണ്ട ആവശ്യമില്ല. ദിവാൻജിയെ സംബന്ധിച്ചു സമുദായ പ്രാതിനിധ്യം വേണമെന്നു ഞാനും തന്നെ വാദിക്കയില്ല. അതുപോലെ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാർ ഇന്ന സമുദായത്തിൽപ്പെട്ട ആളുകൾ തന്നെയായിരിക്കണമെന്നും ആഗ്രഹിക്കയില്ല. എന്നാൽ അവർ എന്തുയും യോഗ്യന്മാരായ ആളുകൾ ആയിരിക്കണം എന്ന മാത്രമേ ആഗ്രഹിക്കയുള്ളൂ.

MR. K. KUNJUKRISHNA PILLAI (*Quilon*) : Sir, I wish to make a few observations in the light of the discussion on this motion. Whether we adopt communal representation or not in other departments without due regard to efficiency, I am afraid, no mortal will be bold enough to hazard that without any regard to efficiency on a pure population basis appointments should be made in the Medical Department. I think that the constitution of the Board though it may have very many defects,—and there are very many defects cannot be criticised on this ground, namely that appointments are not properly distributed. That has neither logic nor reason behind it, because the Board consitutes into a committee and decides the way in which appointments should be given. If the Board cannot find out a satisfactory solution to this communal problem, I think no single person would be able to satisfy the claims in any degree whatsoever.

MR. P. S. MAHOMED (*Nominated*) : ഈ ബോർഡിന് ഈ കൌൺസിലിനോട് ഉത്തരവാദിത്വമില്ലെന്നു അറിയാമോ ?

MR. K. KUNJUKRISHNA PILLAI (*Quilon*) : I think the Board has got a representative in this Council and that that representative is as much responsible as any other Departmental Head to this House. I think that is a position that can never be assailed.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*) : ബോർഡിലെ ഭരണം കാര്യക്ഷമതയില്ലാത്ത ഒന്നാണെന്നു ഈ കൌൺസിലിൽ നിന്നതന്നെ ഞെക്കുകയുണ്ടായി എന്നു അഭിപ്രായപ്പെട്ടിട്ടുണ്ടെന്നറിയാമോ ?

MR. K. KUNJUKRISHNA PILLAI (*Quilon*) : That is a different matter. I am not arguing on that matter at all. Even at the very beginning I admitted.....

MR. P. S. MAHOMED (*Nominated*) : ഇങ്ങനെ കാര്യക്ഷമത കുറയുന്നതിനുള്ള കാരണം ബോർഡു ഭരണം നിമിത്തമാണു് എന്നുകൂടി കാണിച്ചിട്ടാണ് അതു പാസാക്കിയതെന്നറിയാമോ ?

MR. K. KUNJUKRISHNA PILLAI (*Quilon*) ; That is entirely a different matter. I am not arguing it at all. That does not arise from the remarks I made.

When my friend Mr. Kunjitomman referred to the number of appointments made from the several communities, I think it is really unfair to have left out some figures. I chanced to look at the statement from which he read and I find that besides the number of appointments which he referred to 10 Protestants, 7 Latinite and one Latin Syrian, 13 Jacobites and 7 Mar Thomites making a total of 38 appointments in all were appointed.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : What is the total number of appointments ?

MR. K. KUNJUKRISHNA PILLAI (*Quilon*) : 88. Out of 88 appointments, Christians of various denominations got nearly 38 appointments.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇതിൽ ഈഴവർ എത്രയാണ്?

MR. K. KUNJUKRISHNA PILLAI (*Quilon*) : ൫ പേരുണ്ട്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : നായന്മാർ എത്രയുണ്ട്?

MR. K. KUNJUKRISHNA PILLAI (*Quilon*) : ൨൫.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഈ രണ്ടു സമുദായത്തിലെ ജനസംഖ്യയ്ക്കും തമ്മിൽ വലിയ അന്തരമുണ്ടോ?

MR. K. KUNJUKRISHNA PILLAI (*Quilon*) : വലിയ അന്തരമില്ല എന്നതോന്നുന്നു.

When we consider a question of this nature we have also to see whether duly qualified hands are appointed. In the Medical Department especially a man cannot be appointed simply because he happens to be a Christian. It would be very dangerous. I think a private individual is given the option of choosing the most qualified doctor that he wants irrespective of the community to which the doctor belongs. I think poor people who go to Government Hospitals believe that they will get efficient treatment or at least.....

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഡാക്ടർമാരുടെ നിയമനത്തെപ്പറ്റി മാത്രമല്ല പറഞ്ഞതു, ഓരോ ഗ്രൂപ്പിന്റെ മേൽ ശമ്പളമുള്ള എല്ലാത്തരത്തിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ നിയമനത്തെപ്പറ്റിയാണു പറഞ്ഞിട്ടുള്ളതെന്നറിയാമോ ?

MR. K. KUNJUKRISHNA PILLAI (*Quilon*): I know that.

MR. O. M. THOMAS (*Kottayam*): What is the standard of efficiency which the member has in view ?

MR. K. KUNJUKRISHNA PILLAI (*Quilon*): The highest qualification available for the post.

MR. O. M. THOMAS (*Kottayam*): That is the highest academic qualification?

MR. K. KUNJUKRISHNA PILLAI (*Quilon*): Yes. That is the only qualification that we can rely on at present. There is no other tangible test.

MR. P. S. MAHOMED (*Nominated*): ഈ നിയമനങ്ങൾ നടത്തീട്ടുള്ളതെല്ലാം ഹയ്യസ്റ്റ് പരീക്ഷ പാസായിട്ടുള്ളവരിൽ നിന്നുമാണോ ?

MR. K. KUNJUKRISHNA PILLAI (*Quilon*): That is what I believe, അങ്ങിനെയാണു ഞാൻ വിശ്വസിക്കുന്നതു്.

A private individual is allowed to choose his doctor, or his lawyer without any difficulty whatsoever.

MR. O. M. THOMAS (*Kottayam*): Is the member aware that Government have accepted the position that efficiency would be guided by the minimum educational qualification ?

MR. K. KUNJUKRISHNA PILLAI (*Quilon*): I am not aware of it. I will be thankful to the member if he will show me the assurance of Government on that topic anywhere.

I think a Government which runs a department like this for people who cannot discriminate, who go to hospitals with a view to safeguard their life should not be subjected to certain risks owing to the exigencies of politics. I think it is a different matter

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മനുഷ്യരുടെ ജീവനേയും ആരോഗ്യത്തേയും സംരക്ഷിക്കേണ്ട ഈ വകുപ്പു ചില വർഗ്ഗക്കാരെ മാത്രം ഏല്പിച്ചാൽ രാജ്യത്തു ജനങ്ങൾക്കു സമാധാനവും രക്ഷയും ഉണ്ടാകുമെന്നാണോ വിചാരിക്കുന്നതു്?

MR. K. KUNJUKRISHNA PILLAI (*Quilon*): No, should I answer this question, Sir. I do not think there is any useful purpose served in answering this question. A department like this will have first to look after the safety of the life of the individuals who resort to these institutions and without detriment to efficiency communal claims have to be recognised wherever possible. That is the only thing that can be said of this department especially. I think that communal claims too have been recognised to a very large extent in this department. If my friend Mr. Kunjitomman wants to say that all the different sub-sections of the Christian community is not properly represented, then Mr. E.V. Krishna Pillai was quite relevant when he asked how many Marans and Chakkalans were there in the Land Revenue Department.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): നായന്മാരേയും ഈഴവരേയും രണ്ടായിട്ട പരിഗണിക്കണമെന്ന മെമ്പർ വിചാരിക്കുന്നുണ്ടോ?

MR. K. KUNJUKRISHNA PILLAI (*Quilon*): Yes.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതു പോലേ തന്നെ ക്രസ്ത്യാനികളുടെയിടയിലും വ്യത്യാസമുണ്ടെന്നറിയാമോ?

MR. K. KUNJUKRISHNA PILLAI (*Quilon*): സിറിയൻ ക്രസ്ത്യൻസിനും ലാററിൻ ക്രസ്ത്യൻസിനും തമ്മിലുള്ള വ്യത്യാസം നായന്മാർക്കും ഈഴവർക്കും തമ്മിലുള്ള വ്യത്യാസം പോലെ അതു അന്തരമുള്ളതാണെന്നു തോന്നുന്നില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മതസംബന്ധമായ വ്യത്യാസം ഈ രണ്ടു തരം ക്രസ്ത്യാനികൾക്കും തമ്മിലില്ല. മറെറവ്യത്യാസങ്ങളില്ലേ?

MR. K. KUNJUKRISHNA PILLAI (*Quilon*): അതൊരു വലിയ വ്യത്യാസമായി ഞാൻ ഗണിക്കുന്നില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഉദ്യോഗനിയമനം നൽകുന്നതിനുള്ള തോതെന്താണു്?

MR. K. KUNJUKRISHNA PILLAI (*Quilon*): ഒന്നാമതു ജനസംഖ്യയാണു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ജനസംഖ്യയിൽ ലാററിൻക്രസ്ത്യനും സിറിയൻ ക്രസ്ത്യനും വലിയ ജനസംഖ്യയുള്ള രണ്ടു പ്രത്യേക വിഭാഗങ്ങളില്ലെ?

MR. K. KUNJUKRISHNA PILLAI (*Quilon*): അങ്ങിനെ തോന്നുന്നില്ല. സിറിയൻ കാത്തലിക്ക ക്രസ്ത്യാനികളുടെ സംഖ്യ എത്രയുണ്ടെന്നു എനിക്കറിയാം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ജനസംഖ്യമാത്രം നോക്കിയാൽ മതിയോ?

MR. K. KUNJUKRISHNA PILLAI (*Quilon*): ജനസംഖ്യമാത്രംനോക്കിയാൽപോരാ. യോഗ്യതയെക്കൂടി അടിസ്ഥാനമാക്കി കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. ശരിയായിട്ട യോഗ്യതയില്ലാത്ത ഒരാളെ ജനസംഖ്യയെമാത്രം പരിഗണിച്ചു ഉദ്യോഗത്തിൽ നിയമിക്കുന്നതു ശരിയല്ല.

MR. TARIATU KUJITOMMAN (*Commerce and Iudustry, North*): യോഗ്യതയെ അവഗണിച്ചു, ജനസംഖ്യമാത്രം നോക്കി ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗംകൊടുക്കണമെന്നു ആരെങ്കിലും പറഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJUKRISHNA PILLAI (*Quilon*) : മറേറതെങ്കിലും ഡിപ്പ ട്ട്മെൻറിൽ മിനിമം കപാളിഫിക്കേഷൻ മതി എന്നുവച്ചാലും മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പറയുമ്പോൾ ശരിയായ കപാളിഫിക്കേഷൻതന്നെ ഉണ്ടായിരിക്കണമെന്നാണ് എൻെറ അഭിപ്രായം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അങ്ങിനെയാണെങ്കിൽ ഇപ്പോൾ ബോർഡിലെ അംഗങ്ങളായിരിക്കുന്നവരെക്കാൾ കൂടുതൽ കപാളിഫിക്കേഷൻ ഉള്ളവരെ ഈഡിപ്പാർട്ടുമെൻറിൻെറ മേലധ്യക്ഷസ്ഥാനത്തു വയ്ക്കേണ്ടതാവശ്യമല്ലെ ?

MR. K. KUNJUKRISHNA PILLAI (*Quilon*): ഇപ്പോഴുള്ളവർ ശരിയായ കപാളിഫിക്കേഷൻ ഉള്ളവരാണെന്നാണ് എൻെറ അഭിപ്രായം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഇവരെക്കാൾ യോഗ്യത കൂടുതൽ ഉള്ളവർ തിരുവിതാംകൂറിൽ ഉണ്ടെന്നറിയാമോ ? ഡാക്ടർ സോമർവെൽ ഉണ്ട്. അദ്ദേഹത്തിനു കൂടുതൽയോഗ്യതയില്ലേ?

MR. KUNJUKRISHNA PILLAI (*Quilon*) : ഡാക്ടർ സോമർവെൽ ഉണ്ട്. അദ്ദേഹത്തിനു ഇവരെക്കാൾ കൂടുതൽ യോഗ്യത ഉണ്ടെന്നു തോന്നുന്നില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അദ്ദേഹം എഫ്. ആർ. സി. എസ്. ആണെന്നു അറിയാമോ?

MR. K. KUNJUKRISHNA PILLAI (*Quilon*) : അറിയാം.

MR. TARIATU KUNJITOMMAN (*Commrce and Industry, North*) : ആ പരീക്ഷ ഇവിടെ ആരെങ്കിലും പാസായിട്ടുണ്ടോ?

MR. K. KUNJUKRISHNA PILLAI (*Quilon*): ഇവിടെയുള്ളവർ M. D. പാസായിട്ടുണ്ട്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇതു രണ്ടിലുംവച്ചു പ്രാധാന്യം ഏതിനാണ് ?

MR. K. KUNJUKRISHNA PILLAI (*Quilon*): F. R. C. S. നു ഒരു തരത്തിലും M. D. ക്കു മറെറാരു തരത്തിലും പ്രാധാന്യമുണ്ട്.

MR. P. S. MAHOMED (*Nominated*): ഓരോരുത്തരുടേയും ഇഷ്ടംപോലെയാണോ പ്രാധാന്യം നിശ്ചയിക്കുന്നത് ?

MR. K. KUNJUKRISHNA PILLAI (*Quilon*) : അല്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : F. R. C. S പരീക്ഷയല്ലേ സർജറിയിൽ അധികം പ്രാധാന്യമുള്ളത് ?

MR. K. KUNJUKRISHNA PILLAI (*Quilon*) : M. D.യ്ക്കും ആ പ്രാധാന്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): M. D. ലണ്ഡൻ ഡിഗ്രിയാണോ?

MR. K. KUNJUKRISHNA PILLAI (*Quilon*): ഇംഗ്ലണ്ട് ഡിഗ്രിയാണ്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ലണ്ഡൻ ഡിഗ്രിയാണോ?

MR. K. KUNJUKRISHNA PILLAI (*Quilon*) : ആയിരിക്കും.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): തിരുവിതാംകൂറിൽ ലണ്ഡൻഡിഗ്രിക്കല്ലെ പ്രാധാന്യം?

MR. K. KUNJUKRISHNA PILLAI (*Quilon*): എനിക്കറിഞ്ഞുകൂടാ. My time is over I do not wish to continue.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : Sir, I would just like to say a few words with reference to the introduction of this extremely undesirable question of communal claim in every token motion. In a way that communal justice should be done is a proposition to which the Government and the House have already committed themselves. Government have promised to appoint a committee, to go into the whole question in all its aspects and submit a scheme.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഈകമ്മിറ്റിയുടെ തീരുമാനംവന്ന ഉടനെ ഗവണ്മെൻറ് ഓർഡർ പാസാക്കുന്നതുവരെ ഇതുമാതിരിനടന്നുകൊള്ളട്ടെ എന്നാണൊ ഡെപ്യൂട്ടിപ്രസിഡൻറ് പറയുന്നത്?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : Government have already undertaken to organise at an early date a committee to go into the whole question in all its aspects—whether efficiency should be the sole test for recruitment to public service, whether communal claims and communal justice should enter largely into the consideration of the question of recruitment and whether recruitment should after all be on a pure population basis.

When first I heard Mr. Kunjitomman soon after my entry into this Council, I thought there was some justice, some reasonable ground for his complaint. Sir, as a lawyer of several years' standing, it has been my experience that oftentimes a good case is lost by bad advocacy. Whether that is not the position to which Mr. Kunjitomman has driven his case is a matter that I want him to consider seriously.

